# The Archdiocese of Trichur

Estd. May 20, 1887

**Catholic Archbishop's House**
**P.B.No.706, Trichur – 680 005**
**Kerala, India**


1789/2020 - C -12                17.10.2020

## സർക്കുലർ

### 18 ഒക്ടോബർ 2020 – മിഷൻ ഞായർ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വത്സലമക്കളേ,

ജപമാല–പ്രേഷിതമാസമായ ഒക്ടോബറിലെ മൂന്നാമത്തെ ഞായറാഴ്ച (ഈ വർഷം 18–ാം തീയതി) മിഷൻ ഞായറായി നാം ആചരിക്കുകയാണ്. ഈശോ നമുക്ക് നൽകിയ ഏറ്റവും വലിയ പ്രേഷിതദൗത്യത്തെക്കുറിച്ച് ധ്യാനിക്കുവാനും കാലഘട്ടത്തിനനുസരിച്ച് കർമ്മപദ്ധതികൾ പ്രാവർത്തികമാക്കാനുമുള്ള അവസരമാണിത്. ഫ്രാൻസിസ് മാർപാപ്പാ 2020ലെ മിഷൻ ഞായറിന് നൽകിയ സന്ദേശം ഇതോടൊപ്പം അയക്കുന്നു. കോവിഡ്–19 കാലഘട്ടത്തിൽ മാർപാപ്പ നൽകിയ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുവാൻ താല്പര്യപ്പെടുന്നു.

മാർപാപ്പ സൂചിപ്പിക്കുന്നതുപോലെ ഈശോമിശിഹായാണ് ദൈവപിതാവിന്റെ മിഷനറി. ഈശോയെപ്പോലെ ദൈവസ്നേഹത്താൽ നിറഞ്ഞ് (യോഹ. 3:16. ഫിലി. 2:1–11) ഈ ലോകത്തിൽ ഉത്തമ മിഷനറിമാരാകാൻ നാം ദൈവത്തോടുകൂടെ ആയിരിക്കുകയും ദൈവത്താൽ അയക്കപ്പെടുകയും വേണം (യോഹ. 20:21). മറ്റു വാക്കുകളിൽ, ശിഷ്യരും ശ്ലീഹൻമാരും ആകാനാണ് ഈശോ നമ്മോട് ആവശ്യപ്പെടുന്നത്. കഴിഞ്ഞവർഷത്തെ അസാധാരണ മിഷൻ മാസത്തിൽ മാർപാപ്പ നൽകിയ സന്ദേശത്തിൽ പറഞ്ഞതുപോലെ നമ്മളെല്ലാവരും 'സ്നാനപ്പെട്ട് അയക്കപ്പെട്ടവരാണ്'. ഈശോ നമ്മോട് ആവശ്യപ്പെടുന്നത് പരിശുദ്ധാത്മാവിൽനിന്ന് ശക്തി സ്വീകരിച്ച് ലോകത്തിന്റെ അതിർത്തികൾവരെ സാക്ഷ്യം നൽകാനും (അപ്പ. പ്രവ. 1:8) ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കാനും വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്താനും ആണ് (മത്താ. 28:19–20, മർക്കോ. 16:15–16). ഈ ദൗത്യം ഓരോ ക്രൈസ്തവനും തന്റെ ജീവിതാവസ്ഥക്ക് അനുയോജ്യമായ രീതിയിൽ നിർവഹിക്കണം. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ 'ഓരോരുത്തരും തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച്' മിഷനറിയാകണം (1 കൊറി. 7:17). ആധുനിക സാഹചര്യത്തിൽ അത്മായർക്ക് ഈ പ്രേഷിതദൗത്യം നിർവഹിക്കാൻ കൂടുതൽ സാധ്യതകളുണ്ട്.

2020ലെ മിഷൻ ഞായർ സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ ദൈവവചനമായി തിരഞ്ഞെടുത്തിരിക്കുന്നത് ദൈവികനിയോഗനിർവഹണത്തിന് "ഇതാ ഞാൻ, എന്നെ അയച്ചാലും" എന്നു പറയുന്ന ഏശയ്യാ പ്രവാചകന്റെ വാക്കുകളാണ് ( ഏശാ. 6:8). പരിഭ്രാന്തരും നിസ്സഹായരുമായ ജനത്തിന്റെ (മത്താ. 9:36, മർക്കോ. 4:35–38) ഇടയിലേക്ക് ആരെ അയക്കണം എന്ന ചോദ്യത്തിന് നാം ഒരോരുത്തരും "ഇതാ ഞാൻ, എന്നെ അയച്ചാലും" എന്നു പറയണം. "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38) എന്ന് പരി. അമ്മ പറഞ്ഞത് ഈ പ്രത്യുത്തരമായിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ വിളവ് അധികവും വേലക്കാർ ചുരുക്കവുമാണ് (മത്താ. 9:38, ലൂക്കാ 10:2). അതിനാൽ വിളവിന്റെ നാഥനോട് ധാരാളം വേലക്കാർ ഉണ്ടാകുവാൻ ശക്തമായി പരിശുദ്ധാത്മ ഇടപെടലിനായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ത്രിവിധ ദൗത്യങ്ങൾക്കാണ് നാം അയക്കപ്പെടുന്നത്. സുവിശേഷപ്രഘോഷണമാണ് ഇതിൽ ഒന്നാമത്തേത്. പൗലോസ്ശ്ലീഹാ പറയുന്നു "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം" (1 കോറി.9:16). അനുദിന ജീവിതത്തിലെ കുരിശെടുത്ത്, ബലിജീവിതം നയിച്ച്, രോഗികളെ സുഖപ്പെടുത്തുകയും തിന്മകളെ/പിശാചുക്കളെ ബഹിഷ്കരിക്കുകയും പാപികളെ മാനസാന്തരപ്പെടുത്തുകയും ജീവിതനവീകരണം വരുത്തുകയും ചെയ്യുന്ന വിശുദ്ധീകരണദൗത്യമാണ് രണ്ടാമത്തേത്. നല്ല ഇടയനെപ്പോലെ ജനത്തെ പിതാവിന്റെ ഭവനത്തിലേക്ക് നയിക്കുന്ന ഇടയദൗത്യമാണ് മൂന്നാമത്തേത്. ഈ പ്രേഷിതദൗത്യത്തിൽ പങ്കുചേരുന്നത് പ്രാർത്ഥനകൊണ്ടും തങ്ങളുടെതായ ജീവിതസാഹചര്യങ്ങളിൽ മിഷനറിദൗത്യം നിർവഹിച്ചുകൊണ്ടും ജീവിതം മുഴുവൻ തങ്ങളെ തന്നെ സമർപ്പിക്കുന്ന മിഷണറിമാരായികൊണ്ടും മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തികമായും മറ്റും സഹായിച്ചുകൊണ്ടുമാണ്. അപ്പസ്തോലന്മാരെ പ്രേഷിതദൗത്യത്തിനായി അയച്ചപ്പോൾ ഈശോ പറഞ്ഞത് "വേലക്കാരൻ തന്റെ കൂലിക്ക് അർഹനാണ്" എന്നാണ് (ലൂക്കാ 10:7, മത്താ. 10:10).അതിനാൽ ഇങ്ങനെയുള്ള ശുശ്രൂഷകരെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

Estd. May 20, 1887

# The Archdiocese of Trichur

**Catholic Archbishop's House**
**P.B.No.706, Trichur – 680 005**
**Kerala, India**

---

മേൽസൂചിപ്പിച്ച പ്രേഷിതദൗത്യ നിർവഹണവുമായി ബന്ധപ്പെട്ട് നമ്മുടെ അതിരൂപതയിൽ പൊതുവായി 3 കവർ പിരിവുകളാണ് നടത്തിവരാറുള്ളത്. 1.പെസഹവ്യാഴാഴ്ചയിലെ വൈദിക പരിശീലനത്തിനുള്ള പിരിവ് 2. ഒക്ടോബർ മാസത്തിലെ മിഷൻ ഞായർ പിരിവ് 3. ഡിസംബർ മാസത്തിലെ കാരുണ്യനിധി പിരിവ്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ഈ മൂന്ന് പിരിവുകളും നടത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മേരിമാതാ മേജർ സെമിനാരി, മഡോണ മൈനർ സെമിനാരി, ഗുരുകുലം സെമിനാരി, മറ്റ് സെമിനാരികളിലും ഡിഗ്രി കോഴ്സുകളിലുമുള്ള വൈദികാർത്ഥികളുടെ പഠനം തുടങ്ങിയവയ്ക്കുള്ള ചിലവിന്റെ പ്രധാനമായ സാമ്പത്തിക സ്രോതസ്സാണ് പെസഹവ്യാഴം പിരിവ്. മിഷൻ ഞായർ പിരിവിൽ നിന്നാണ് സാർവത്രിക സഭയുടെയും, സീറോ മലബാർ സഭയുടെയും, നമ്മുടെ അതിരൂപതയുടെയും (മിഷൻ പ്രദേശങ്ങളിൽ ഉള്ള നമ്മുടെ അതിരൂപതാവൈദികർക്ക് വരുന്ന ചിലവുകൾ അടക്കം) വിഹിതങ്ങൾ നൽകുന്നത്. കാരുണ്യനിധി ഫണ്ടിൽ നിന്നാണ് അതിരൂപത നിശ്ചയിക്കുന്ന പ്രത്യേക നിയോഗങ്ങൾക്കും പാവപ്പെട്ടവരുടെ ഉന്നമനത്തിനും വേണ്ടിയുള്ള സംഖ്യ ചിലവഴിക്കുന്നത്. എന്നാൽ ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ഈ 3 കവർ പിരിവുകളുടെ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഒരു കവർ പിരിവ് മാത്രം നടത്താൻ ഉദ്ദേശിക്കുന്നു. അധികം താമസിയാതെ ഇതിനുവേണ്ടിയുള്ള കവറുകൾ (പ്രത്യേകിച്ച് മിഷന്റെ പേരിൽ) എല്ലാ കുടുംബങ്ങൾക്കുമായി ഇടവകകളിൽ എത്തിക്കുന്നതാണ്. ഡിസംബർ 31ന് മുൻപ് ഈ കവറുകൾ ഇടവകതലത്തിലും സമർപ്പിതസമൂഹതലത്തിലും ശേഖരിച്ച് സംഖ്യ അതിരൂപത കാര്യാലയത്തിൽ ഏൽപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

യേശു ശിരസ്സും നമ്മൾ അവയവങ്ങളുമായ സഭയാണ് നമ്മുടേത്. ഒരു അവയവത്തിന് വേദനിക്കുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ രോഗത്തിന് അടിമപ്പെട്ടും, ജോലി നഷ്ടപ്പെട്ടും, സാമ്പത്തിക സ്രോതസ്സുകൾ ഇല്ലാതെയും വിഷമിക്കുന്ന വളരെയധികം പേർ നമ്മുടെ ഇടയിൽ ഉണ്ടെന്നറിയാം. സാധിക്കുന്ന തരത്തിൽ അവരെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ അതിരൂപതയിലെ ഇടവ കകളും, സമർപ്പിതരും, സ്ഥാപനങ്ങളും, സംഘടനകളും, കുടുംബകൂട്ടായ്മകളും, അതിരൂപത സാമൂഹ്യക്ഷേമവിഭാഗമായ സാന്ത്വനവും മറ്റും ഈ കോവിഡ് കാലത്ത് പാവപ്പെട്ടവർക്കും, കോവിഡ് ബാധിതർക്കും വേണ്ടി ജാതിമതഭേതമന്യേ വലിയ സേവനം ചെയ്യുന്നു എന്നറിയുന്ന തിൽ ഞാൻ സന്തോഷിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. പ്രത്യേകിച്ച് കോവിഡ് രോഗികളെ പരിചരിക്കുന്നവരെയും കോവിഡ് മൂലം മരണപ്പെട്ടവരുടെ മൃതസംസ്കാരശുശ്രൂഷ കൾക്ക് സേവനം ചെയ്യുന്നുവരേയും വലിയ നന്ദിയോടെ ഇത്തരണത്തിൽ അനുസ്മരിക്കുന്നു. അതിരൂപതയുടെ പൊതുവായ ആവശ്യങ്ങൾ മനസ്സിലാക്കി മുകളിൽ സൂചിപ്പിച്ച കവർ പിരിവിൽ ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രേഷിതതാരവും ജപമാലരാജ്ഞിയുമായ പരി. അമ്മയുടെ മധ്യസ്ഥത തേടി കോവിഡ് മഹാമാരിയിൽ നിന്ന് ലോകത്തെ രക്ഷിക്കാനായി നമുക്ക് പ്രാർത്ഥിക്കാം. സഭയുടെ പ്രേഷിതദൗത്യവിജയത്തിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശുവിൽ സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 18/10/2020 ഞായറാഴ്ച പള്ളികളിൽ വായിക്കുകയും സന്ദേശം ഓൺലൈൻ വഴി ഇടവക ജനങ്ങളിലേക്ക് എത്തിക്കുകയും വേണം.

**(മിഷൻ ഞായർ വായനകൾ: (1) ഏശാ. 6:1-8; (2) 1 കൊറി. 9:13-18; (3) മത്താ. 10:1-15 or ലൂക്കാ 10:1-12.)**